പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2734 **28-10-2026-ൽ മറുപടിയ്ക്ക്**

ചാത്തന്നൂർ മണ്ഡലത്തിലെ ഒട്ടുമല കോളനി നിവാസികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ചാത്തന്നൂർ നിയമസഭാ മണ്ഡലത്തിലെ ഒട്ടുമല കോളനി നിവാസികൾക്ക് സുഗമമായി കുടിവെള്ളം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഒട്ടുമല പ്രദേശത്തെ നിവാസികൾക്ക് സുഗമമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ബൂസ്റ്റർ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(ബി) പ്രസ്തുത കോളനിയിലെ നിവാസികൾക്ക് ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) ഒട്ടുമല കോളനിയിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സംബന്ധിച്ച ഫയൽ നിലവിൽ ഏത് ഓഫീസിലാണ്; പ്രസ്തുത ഫയൽ എത്രകാലമായി തീർപ്പാക്കാതെ നിലനിൽക്കുന്നുവെന്നും ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

മറുപടി: പ്രസ്തുത പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതിനുള്ള അപേക്ഷ 19/10/2024 ൽ ആണ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുടെ കൊട്ടാരക്കര പിഎച്ച് ഡിവിഷനിൽ ലഭ്യമാക്കുന്നത്. തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി 25.01.2025, 14.02.2025 എന്നീ തീയതികളിലായി പൂയപ്പള്ളി പഞ്ചായത്ത് ₹4,28,100/- കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 12/03/2025 ലും 30/06/2025 ലും രണ്ട് തവണ ടെൻഡർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി ₹6,00,000/- ആയി വർധിപ്പിച്ചു. വർദ്ധിച്ച തുകയായ ₹1,71,900/-അടയ്ക്കുന്നതിനായി പഞ്ചായത്ത് അധികൃതർക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും നിർദ്ദേശം നൽകിയെങ്കിലും തുക ഒടുക്കിയിട്ടില്ല. തുടർന്ന് 2026 ഓഗസ്റ്റിൽ ചേർന്ന യോഗതീരുമാനപ്രകാരം എസ്റ്റിമേറ്റ് ₹5,30,000/- ആയി പുതുക്കുകയും ബാക്കി തുകയായ ₹1,01,900/- അടയ്ക്കാൻ 05.10.2026-ന് പഞ്ചായത്തിന് കത്ത് നൽകുകയും ചെയ്തു. പഞ്ചായത്ത് തുക ഒടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത കുടിവെള്ള പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി നിർദേശിച്ച തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒടുക്കിയ തുക, തീയതി, തുടർനടപടികൾ എന്നിവ വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) കൃത്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനെത്തുടർന്ന് അധിക തുക ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തുക ആവശ്യപ്പെടാനുണ്ടായ സാഹചര്യം, തുകയുടെ വിശദാംശങ്ങൾ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന്റെ കാരണങ്ങൾ എന്നിവ വ്യക്തമാക്കുമോ;

മറുപടി: പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ വരുത്തിയ മാറ്റങ്ങൾ അനുസരിച്ചാണ് എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടായത്. എസ്റ്റിമേറ്റിൽ വന്ന മാറ്റത്തിനനുസരിച്ചുള്ള അധിക തുകയായ ₹1,01,900/- അടയ്ക്കാൻ 05.10.2026-ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(എഫ്) കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിലും ജലവിതരണം ഉറപ്പാക്കുന്നതിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഒട്ടുമല കോളനി നിവാസികൾക്ക് സ്ഥിരമായി കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മറുപടി: എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹1,01,900/- കൂടി അടയ്ക്കാൻ 05.10.2026-ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക അടയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ